# കുടുംബശ്രീ സി.ഡി.എസ് ആര്യങ്കോട്

# കൊറോണ അനുബന്ധ പ്രവർത്തന റിപ്പോർട്ട്

## ആര്യങ്കോട് സി.ഡി.എസ്

| | |
|---|---|
| ചെയർപേഴ്സൺ | ഉഷ |
| ബ്ലോക്ക് കോർഡിനേറ്റർ | രബിത |

മലയോര പ്രദേശമായ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് കുന്നുകളും പുഴകളും സമതലങ്ങളാലും അനുഗ്രഹീതമാണ്.

ആര്യങ്കോട് സി.ഡി.എസ്സിൽ 16 എ.ഡി.എസുകളിലായി 314 അയൽകൂട്ടങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. 5197 പേർ ഇതിൽ അംഗങ്ങളാണ്. എല്ലാ കുടുംബശ്രീകളും ആഴ്ചതോറും യോഗം ചേരുകയും നിക്ഷേപങ്ങൾ സമാഹരിക്കുകയും വായ്പകൾ ആവശ്യമുള്ളവർക്ക് അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചെക്കായി നൽകുകയും ചെയ്യുന്നു. കൂടാതെ വായ്പയിൽ നിന്ന് ലഭിക്കുന്ന പലിശ, മാസവരി, ഫൈൻ എന്നിവ സംഘത്തിന്റെ ചെലവ് കഴിച്ച് ബാക്കി സംഘാംഗങ്ങൾക്ക് ബോണസായി നൽകുന്നു.

## എ.ഡി.എസ്സ്. തല പ്രവർത്തനങ്ങൾ

എല്ലാ മാസവും 5-ാം തിയതിയ്ക്കുള്ളിൽ എ.ഡി.എസ്സ് യോഗങ്ങൾ നടത്തുകയും എല്ലാ സംഘങ്ങളിൽ നിന്നും കണക്കുകൾ ശേഖരിച്ച് മീറ്റിംഗിൽ എത്തിക്കുകയും ചെയ്യുന്നു. കൂടാതെ അത്യാവശ്യ സമയങ്ങളിൽ യോഗം ചേരുന്നു.

### കൊറോണ എന്ന മഹാമാരി

കൊറോണ എന്ന മഹാമാരി പ്രത്യക്ഷത്തിൽ അല്ലെങ്കിലും പരോക്ഷമായി ആര്യങ്കോട് പഞ്ചായത്ത് മേഖലയെ കാര്യമായി ബാധിച്ചു. ദൈനംദിന കാര്യങ്ങൾക്കായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനവിഭാഗമാണ് ഭൂരിഭാഗവും. ഈ വിപത്തിനെ ചെറുത്ത് നിൽക്കുന്നതിന് നാം ഒറ്റക്കെട്ടായി പരിശ്രമിച്ചിട്ടുണ്ട്.

### പ്രതിരോധപ്രവർത്തനങ്ങൾ

കൊറോണ പ്രതിരോധം ഉറപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശങ്ങൾക്കനുകൂലമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

**കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം**

കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി പല കുടുംബങ്ങളും പട്ടിണിയിലേക്ക് നീങ്ങുന്നെന്ന് മനസിലാക്കിയതിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തുമായി ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിപ്പിച്ചു. മാർച്ച് 27 -ാം തിയതി ആര്യങ്കോട് സഹകരണ ആഡിറ്റോറിയത്തിൽ പ്രവർത്തനം ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ മെയ് 3-ാം തിയതി വരെ നടപ്പിലാക്കി. കോറന്റീനിൽ കഴിഞ്ഞിരുന്നവർക്കും അഗതികൾക്കും ദിവസവും 1 നേരം ഭക്ഷണം നൽകുവാൻ സാധിച്ചു. സി.ഡി.എസ് മെമ്പർമാരുടെയും അയൽകൂട്ടം അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഈ പ്രവർത്തനത്തിൽ എടുത്ത് പറയത്തക്കതാണ്. സി.ഡി.എസിന്റെ പരിധിയിലുള്ള ജെ.എൽ.ജി

ഗ്രൂപ്പുകളിൽ നിന്നും ഉത്പന്നങ്ങൾ കമ്മ്യൂണിറ്റി കിച്ചണിൽ സൗജന്യമായും നിശ്ചിതവിലയ്ക്കും നൽകുകയുണ്ടായി.



**വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ**

ജില്ലാ മിഷനിൽ നിന്ന് നൽകിയ നിർദ്ദേശപ്രകാരം സി.ഡി.എസ്, എ.ഡി എസ്, അയൽകൂട്ടതലങ്ങളിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചു. കുടുംബശ്രീ മിഷനിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി ഈ ഗ്രൂപ്പുകൾ വഴി താഴെ തലം വരെ എത്തിക്കാൻ സാധിച്ചു. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി വിവരശേഖരണവും അംഗങ്ങളെ തെരെഞ്ഞെടുക്കലും സുഖമമായി നടപ്പിലാക്കാൻ ഈ ഗ്രൂപ്പുകൾ വഴി സാധിച്ചു.

**സന്നദ്ധസേന രൂപീകരണം**

സന്നദ്ധസേന രൂപീകരണത്തിന് നിർദ്ദേശം നല്കുകയും താത്പര്യമുള്ള വ്യക്തികളുടെ വിവരങ്ങൾ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ശേഖരിച്ച് വാർഡുതലത്തിൽ സേന രൂപീകരിക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

**മാസ്ക് നിർമ്മാണം**

കുടുംബശ്രീ അംഗങ്ങളും സംരംഭകരും മാസ്ക് നിർമ്മിച്ച് സൗജന്യമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കും വയോജനങ്ങൾക്കും ബാലസഭാകുട്ടികൾക്കും നൽകി. മാസ്ക് ഉപയോഗിക്കുന്നതിന്റെ ആവശ്യകത എന്ത് എന്ന് ജനങ്ങളെ ബോധവാൻമാരാക്കി.



**അടുക്കളത്തോട്ടം/മൈക്രോഗ്രീൻ**

കുടുംബശ്രീ മിഷൻ സംഘടിപ്പിച്ച അടുക്കളത്തോട്ട, മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം മത്സരത്തിൽ അയൽകൂട്ട അംഗങ്ങളും ജെ.എൽ.ജി ഗ്രൂപ്പിലെ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി അതിലേക്ക് കൃഷിഭവനും പഞ്ചാ യത്തും സി.ഡി.എസും സംയുക്തമായി അംഗങ്ങൾക്ക് വിത്ത് വിതരണം നടത്തു കയും എല്ലാ വീടുകളിലും പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തു. അതിൽ നിന്നും വളരെ നന്നായി അടുക്കളത്തോട്ടം നടത്തിയ 3 വ്യക്തികളെ സി.ഡി.എസ് തലത്തിൽ തെരെഞ്ഞെടുക്കുകയും ചെയ്തു.



**രുചി ഓർമ്മ.**

കുടുംബശ്രീ സംഘടിപ്പിച്ച രുചി ഓർമ്മ എന്ന പാചക മത്സരം സി. ഡി.എസിൽ സംഘടിപ്പിച്ചു.

**ശുചീകരണ പ്രവർത്തനം.**

സി.ഡി.എസ് അംഗങ്ങളും ആരോഗ്യപ്രവർത്തകരും ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വാർഡുതലത്തിലും പൊതുസ്ഥാപനങ്ങളിലും മാർക്കറ്റുകളിലും ശുചീകരണം നടത്തി. എ.ഡി.എസ് ഭാരവാഹികളുടെ നേതൃത്ത്വത്തിൽ സാനിട്ടേഷൻ പ്രവർത്തനങ്ങൾ നടത്തി.

**ബാലസഭാപ്രവർത്തനം**

ലോക്ക് ഡൗൺ കാലത്ത് കുട്ടികളുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നതിനായി ജില്ലാമിഷനിൽ നിന്ന് നിർദ്ദേശം നൽകിയിതനുസരിച്ച് ബാലസഭാക്കുട്ടികൾക്കായി വിവിധ ഇന മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാനായി ഈ അവസരം വിനിയോഗിച്ചു.

**വയോജന ക്ഷേമം**

അഗതിരഹിത കേരളം പദ്ധതി വഴി വയോജനങ്ങളുടെ ലിസ്റ്റ് എടുക്കുകയും അവരെ ഫോൺ വിളിച്ച് നിർദ്ദേശം നൽകുകയും രോഗം ഇല്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. അവരുടെ വീടുകൾ സന്ദർശിച്ച് മരുന്നും ഭക്ഷണവും നൽകി.

**പ്രത്യേക പ്രവർത്തനം**

പൊതുവിതരണ മേഖലയിൽ ഒരു നിർണായക പങ്ക് വഹിച്ചു. റേഷൻകടൾ വഴി വിതരണം നടത്തിയ കിറ്റ് പാക്കിംഗ് അയൽകൂട്ട അംഗങ്ങൾ ചേർന്ന് ചെയ്യുകയുണ്ടായി. പാലിയേറ്റീവ് കെയർ അംഗങ്ങൾക്ക് ഭക്ഷണം, മരുന്ന്, എന്നിവ നൽകുകയും ചെയ്തു. അഗതിരഹിതകേരളം ഗുണഭോക്താക്കൾക്ക് പോഷകാഹാര കിറ്റ് വീടുകളിൽ കൊണ്ടെത്തിച്ചു കൊടുത്തു.

**ജനകീയ ഹോട്ടൽ**

04.05.2020 ൽ ആര്യങ്കോട് സഹകരണ ആഡിറ്റോറിയത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു.

**സി.എം.എച്ച്.എൽ.എസ്**

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 213 അയൽകൂട്ടങ്ങളിൽ നിന്ന് 3044 അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൃത്യസമയത്ത് നടത്തുകയും വായ്പ അനുവദിക്കുകയും ചെയ്തു.